8615
14/5/19

"ഭരണഭാഷ- മാതൃഭാഷ"

കേരള സർക്കാർ

## സംഗ്രഹം

വനം വന്യജീവി വകുപ്പ്-നോർത്ത് വയനാട് ഡിവിഷനിലെ പേര്യ റെയിഞ്ചിൽപ്പെട്ട വരയാൽ സ്റ്റേഷൻ പരിധിയിൽ ഉൾപ്പെട്ട സ്ഥലത്തു നടന്ന അനധികൃത കൈയ്യേറ്റം - ശ്രീ.കെ.എ.ജോസഫ്, ഡെപ്യൂട്ടി റെയിഞ്ച് ഫോറസ്റ്റ് ഓഫീസർ (റിട്ട)-ക്കെതിരെ അച്ചടക്ക നടപടി - തീർപ്പാക്കി - ഉത്തരവു പുറപ്പെടുവിക്കുന്നു.

---

വനം വന്യജീവി (എ) വകുപ്പ്

**സ.ഉ.(സാധാ) നം.141/2019/വനം** തീയതി,തിരുവനന്തപുരം, 02/04/2019

---

പരാമർശം:- 1 അഡീഷണൽ പ്രിൻസിപ്പൽ ചീഫ് കൺസർവേറ്റർ ഓഫ് ഫോറസ്റ്റിന്റെ (എഫ്.എം.ഐ.എസ്.) 26.03.2011-ലെ ബി1-40629/98 നമ്പർ ഉത്തരവ്.

2 സർക്കാരിന്റെ 22.08.2012, 20.10.2016 തീയതികളിലെ 3404/എ2/12/വനം നമ്പർ കാരണം കാണിക്കൽ നോട്ടീസ്.

3 അഡീഷണൽ പ്രിൻസിപ്പൽ ചീഫ് കൺസർവേറ്റർ ഓഫ് ഫോറസ്റ്റി (ഭരണം)-ന്റെ 21.11.2017-ലെ ബി1-40629/08 നമ്പർ കത്ത്.

4 കേരള പബ്ലിക് സർവ്വീസ് കമ്മീഷന്റെ 31.03.2015, 21.01.2019 എന്നീ തീയതികളിലെ എ1(2) 5828/13 ഗവി. നമ്പർ കത്തുകൾ.

## ഉത്തരവ്

നോർത്ത് വയനാട് ഡിവിഷനിലെ പേര്യ റെയിഞ്ചിൽപ്പെട്ടതും വരയാൽ സ്റ്റേഷൻ പരിധിയിൽ ഉള്ളതുമായ വി.എഫ്.സി. ഐറ്റം 11 ലെ വരയാൽ വില്ലേജിലെ സർവ്വേ നമ്പർ 5 / 1എ യിലെ വനഭൂമിയിൽ നടന്ന അനധികൃത കയ്യേറ്റം ഒഴിവാക്കുന്നതിന്/ഒഴിപ്പിക്കുന്നതിന് പരാജയപ്പെട്ടതിനു ശ്രീ.കെ.എ.ജോസഫ്, ഡെപ്യൂട്ടി റെയിഞ്ച് ഫോറസ്റ്റ് ഓഫീസർ ഉൾപ്പെടെ 8 ജീവനക്കാർക്കെതിരെ കുറ്റപത്രവും കുറ്റാരോപണ പത്രികയും നൽകി, ഭരണ വിഭാഗം അഡീഷണൽ പ്രിൻസിപ്പൽ ചീഫ് കൺസർവേറ്റർ ഓഫ് ഫോറസ്റ്റ് തലത്തിൽ അച്ചടക്ക നടപടി ആരംഭിച്ചു.

**2)** കുറ്റപത്ര പ്രകാരം ശ്രീ.കെ.എ.ജോസഫിനെതിരെയുള്ള കുറ്റങ്ങൾ ചുവടെ ചേർക്കുന്നു.

i)ബഹുമാനപ്പെട്ട വനം ട്രിബ്യൂണൽ, ഹൈക്കോടതി എന്നിവയുടെ വിധിന്യായവും മുഖ്യവനപാലകന്റെ നിർദ്ദേശവും നടപ്പിലാക്കാതെ പെരിയ റെയിഞ്ചിലെ വരയാൽ ഫോറസ്റ്റ് സ്റ്റേഷൻ പരിധിയിലെ വനഭൂമിയിലെ അധിനിവേശവും, കൈയ്യേറ്റവും

അനുവദിച്ചു.

**ii)** ബഹുമാനപ്പെട്ട വനം ട്രിബ്യൂണൽ, ഹൈക്കോടതി എന്നിവയുടെ ഉത്തരവ് നിരസിച്ചുകൊണ്ട് വനഭൂമിയിലെ കടന്നുകയറ്റവും കൃഷിയും അനുവദിച്ചത് വഴി വനം വകുപ്പിന്റെ അധീനതയിലുള്ള പ്രദേശം തിരിച്ചുപിടിക്കുന്നതിൽ പരാജയപ്പെട്ടു.

**iii)** ബന്ധപ്പെട്ട സ്ഥലം പരിശോധിക്കുന്നതിലും സ്ഥലത്തിന്റെ സംരക്ഷണം ഉറപ്പുവരുത്തുന്നതിലും പരാജയപ്പെട്ടു.

**iv)** ഉത്തരവാദിത്വം ഇല്ലാതെ ഈ വിഷയം കൈകാര്യം ചെയ്തുവഴി സർക്കാരിനെ വഞ്ചിച്ചു.

**v)** നിയമാനുസൃതമല്ലാതെ മനപൂർവ്വം കയ്യേറ്റക്കാരിൽ നിന്നും നേട്ടമുണ്ടാക്കാൻ ശ്രമിച്ചു.

**vi)** ഇപ്രകാരം ജോലിയിൽ ഗുരുതരമായ വഞ്ചനയും, കൃത്യവിലോപവും നടത്തുകയും നിലവിലുള്ള ഉത്തരവുകൾ പാലിക്കാതെ നിയമലംഘനം നടത്തുകയും ഗൂഢാലോചന നടത്തുകയും ചെയ്തു.

3) മേൽ വിഷയത്തിൽ നടത്തപ്പെട്ട ഔപചാരിക അന്വേഷണത്തിലെ റിപ്പോർട്ട് പ്രകാരം ശ്രീ.ജോസഫിനെതിരായ രണ്ടാമത്തെ കുറ്റം പൂർണ്ണമായും 3 ഉം 6 ഉം ചാർജുകൾ ഭാഗികമായും തെളിഞ്ഞു.അന്വേഷണ റിപ്പോർട്ട് അംഗീകരിച്ചുകൊണ്ട് ടിയാന്റെ ഒരു വാർഷിക ഇൻക്രിമെന്റ് സഞ്ചിത ഫലത്തോടെ തടയുന്നതിന് തുല്യമായ തുക ഡി.സി.ആർ.ജി.യിൽ നിന്നും ഈടാക്കുന്നതിന് തീരുമാനിച്ച് പരാമർശം (1) പ്രകാരം അച്ചടക്ക നടപടി തീർപ്പാക്കി.

4) എന്നാൽ 30.11.2007 ൽ റിട്ടയർ ചെയ്ത ശ്രീ.കെ.എ.ജോസഫ് ജോലി നോക്കിയിരുന്ന എല്ലാ ഓഫീസുകളിൽ നിന്നും ബാധ്യതാരഹിത സർട്ടിഫിക്കറ്റ് ലഭിച്ചതിനാൽ ഡി.സി.ആർ.ജി റിലീസ് ചെയ്യുന്നതിനായി ബന്ധപ്പെട്ട ട്രഷറി ഓഫീസിലേയ്ക്ക് ടിയാന്റെ എൻ.എൽ.സി നൽകിയതായും ആയതിനാൽ ഡി.സി.ആർ.ജിയിൽ നിന്നും മേൽ തുക ഈടാക്കാൻ കഴിയില്ല എന്നും അഡീഷണൽ പ്രിൻസിപ്പൽ ചീഫ് ഫോറസ്റ്റ് കൺസർവേറ്റർ റിപ്പോർട്ടുചെയ്തു.

5) തുടർന്ന് കെ.എസ്.ആർ ഭാഗം 3 ചട്ടം 3 പ്രകാരം ശ്രീ.ജോസഫിന്റെ പ്രതിമാസ പെൻഷനിൽ നിന്നും 200/- രൂപ വീതം ഒരു വർഷത്തേയ്ക്ക് കുറവ് ചെയ്ത് നഷ്ടം ഈടാക്കാൻ താൽക്കാലികമായി തീരുമാനിച്ച് സർക്കാർ പരാമർശം (2)-ലെ 22/08/2012-ലെ നോട്ടീസ് പ്രകാരം ടിയാനു കാരണം കാണിക്കൽ നോട്ടീസ് നൽകി. നോട്ടീസ് ടിയാൻ 04.12.2012 ൽ കൈപ്പറ്റിയിട്ടും മറുപടി സമർപ്പിക്കുകയുണ്ടായില്ല.ഈ സാഹചര്യത്തിൽ പ്രസ്തുത താൽക്കാലിക തീരുമാനത്തിന്മേൽ കേരള പബ്ലിക് സർവ്വീസ് കമ്മീഷന്റെ ഉപദേശം തേടുകയുണ്ടായി. പരാമർശം (4)-ലെ 31.03.2015-ലെ കത്തുപ്രകാരം ഉപദേശം ലഭ്യമാക്കിയ കമ്മിഷൻ, സർക്കാർ ടിയാന് നൽകാൻ നിർദ്ദേശിച്ച ശിക്ഷ ചെയ്ത കുറ്റത്തിന്റെ ഗൗരവത്തിന് ആനുപാതികമല്ലായെന്ന് വിലയിരുത്തുകയും ആകയാൽ ടിയാൻ ചെയ്ത കുറ്റത്തിന്റെ ഗൗരവത്തിന് ആനുപാതികമായ ശിക്ഷ നിർദ്ദേശിക്കാൻ ഉപദേശിക്കുകയും ചെയ്തു.ഈ വിഷയം പുനഃപരിശോധിച്ചതിന്റെ അടിസ്ഥാനത്തിൽ ടിയാന്റെ പ്രതിമാസ പെൻഷനിൽ നിന്നും 200/-രൂപ വീതം 2 വർഷത്തേക്ക് ഈടാക്കാൻ നിശ്ചയിച്ച് 20.10.2016 ൽ വീണ്ടും കാരണം കാണിക്കൽ നോട്ടീസ് നൽകുകയുണ്ടായി.

6) ശ്രീ.കെ.എ. ജോസഫ് കാരണം കാണിക്കൽ നോട്ടീസിന് സമർപ്പിച്ച പ്രതിവാദപത്രിക സർക്കാർ വിശദമായി പരിശോധിച്ചതിൽ താൽക്കാലികമായി തീരുമാനിച്ച ശിക്ഷ സ്ഥിരപ്പെടുത്താതിരിക്കുന്നതിനു ഉപോൽബലകമായ വാദങ്ങൾ ഒന്നും കാണുകയുണ്ടായില്ല. എന്നിരുന്നാലും അച്ചടക്ക നടപടിയിന്മേൽ അന്തിമ തീരുമാനം കൈക്കൊള്ളുന്നതിനു മുൻപായി സ്വാഭാവിക നീതി അനുവദിക്കുന്നതിലേക്കായി ടിയാനെ നേരിൽ കേൾക്കുന്നതിന് രണ്ടു പ്രാവശ്യം അവസരം നൽകിയെങ്കിലും ടിയാൻ നേരിൽ കേൾക്കുന്നതിന് ഹാജരായില്ല. ആരോഗ്യപരമായ കാരണങ്ങളാൽ ഹാജരാകുവാൻ സാധിക്കില്ലെന്ന് ടിയാൻ അറിയിക്കുകയും ഈ വിഷയത്തിൽ തനിക്കൊന്നും അറിയില്ലെന്നും, അറിവില്ലായ്മകൊണ്ട് തെറ്റുപറ്റിയിട്ടുണ്ടെങ്കിൽ ക്ഷമിക്കണമെന്നും അറിയിച്ചു.ഇതിന്മേൽ അഡീഷണൽ പ്രിൻസിപ്പൽ ചീഫ് കൺസർവേറ്റർ ഓഫ് ഫോറസ്റ്റ്(ഭരണം) പരാമർശം (3)പ്രകാരം അഭിപ്രായം ലഭ്യമാക്കി.ഈ വിഷയം വിശദമായി പരിശോധിച്ചതിൽ, കാരണം കാണിക്കൽ നോട്ടീസിൽ താൽക്കാലികമായി തീരുമാനിച്ച ശിക്ഷ

സ്ഥിരപ്പെടുത്താതിരിക്കുവാനുള്ള കാരണങ്ങൾ ഒന്നും ഇല്ലാത്തതിനാൽ അത് സ്ഥിരപ്പെടുത്തുന്നതിൽ പി.എസ്.സി യുടെ ഉപദേശം തേടുകയുണ്ടായി. ടി കേസ് ബന്ധപ്പെട്ട രേഖകളുടെ അടിസ്ഥാനത്തിൽ വിശദമായി പരിശോധിച്ച കമ്മീഷൻ സർക്കാരിന്റെ താല്ക്കാലിക തീരുമാനത്തോട് യോജിക്കുകയും, പരാമർശം (4)-ലെ 21.01.2019-ലെ കത്തുപ്രകാരം അപ്രകാരം ഉപദേശിക്കുകയും ചെയ്തിട്ടുണ്ട്.

**7)** മേൽ സാഹചര്യത്തിൽ ശ്രീ.കെ.എ.ജോസഫിന്റെ (റിട്ടയേർഡ് ഡെപ്യൂട്ടി റെയിഞ്ച് ഫോറസ്റ്റ് ഓഫീസർ) പ്രതിമാസ പെൻഷനിൽ നിന്നും 200/- രൂപ വീതം 2 വർഷത്തേയ്ക്ക് ഈടാക്കുവാനുള്ള താൽക്കാലിക തീരുമാനം സ്ഥിരപ്പെടുത്തി അച്ചടക്ക നടപടി തീർപ്പാക്കി ഇതിനാൽ ഉത്തരവാകുന്നു.

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)

ഡോ .എ .ജയതിലക് ഐ.എ.എസ്

പ്രിന്സിപ്പല് സെക്രട്ടറി

ഭരണ വിഭാഗം അഡീഷണൽ പ്രിൻസിപ്പൽ ചീഫ്

കൺസർവേറ്റർ ഓഫ് ഫോറസ്റ്റ്

ശ്രീ.കെ.എ.ജോസഫ്, ഡെപ്യൂട്ടി റെയിഞ്ച് ഫോറസ്റ്റ് ഓഫീസർ (റിട്ട.)

(ഭരണ വിഭാഗം അഡീഷണൽ പ്രിൻസിപ്പൽ ചീഫ്

കൺസർവേറ്റർ ഓഫ് ഫോറസ്റ്റ് മുഖേന)

കേരള പബ്ലിക് സർവ്വീസ് കമ്മീഷൻ (ആമുഖ കത്ത് മുഖേന )

പ്രിൻസിപ്പൽ അക്കൗണ്ടന്റ് ജനറൽ (എ&ഇ/ഓഡിറ്റ്), കേരള, തിരുവനന്തപുരം

പൊതുജന വിവര സമ്പർക്ക (വെബ് & ന്യൂ മീഡിയ) വകുപ്പ്

സ്റ്റോക്ക് ഫയൽ/ഓഫീസ് കോപ്പി

ഉത്തരവിൻ പ്രകാരം

Signature valid

Digitally signed by BIJI K
Date: 2019.04.03 14:16:42 IST
Reason: Approved

സെക്ഷൻ ഓഫീസർ